# അടിയന്തരം

"ഭരണഭാഷ — മാതൃഭാഷ"

**ചീഫ് എഞ്ചിനീയറുടെ കാര്യാലയം**
**തദ്ദേശസ്വയംഭരണ വകുപ്പ്**
**റവന്യൂ കോംപ്ലക്സ്, മൂന്നാം നില**
**പബ്ലിക് ആഫീസ് ബിൽഡിംഗ്**
**തിരുവനന്തപുരം - 33**

**Phone : 0471 – 2324951**
**0471 – 2325071**
**Tele Fax : 0471 – 2324951**
**Email: celsgd@gmail.com**
**Website: www. celsgd.kerala.gov.in**

നം. ഇ8/2210/2015/സിഇ/തസ്വഭവ — തീയതി:19.09.2019

## സർക്കുലർ

വിഷയം:- തസ്വഭവ - സാങ്കേതിക വിഭാഗം - ജീവനക്കാര്യം — ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങളിൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ജീവനക്കാരെ നിയോഗിക്കുന്നത് - സംബന്ധിച്ച്.

സൂചന:- തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അർദ്ധ ഔദ്യോഗിക കത്ത് നം തസ്വഭവ — ഇ ആർ എ3/168/2019- തസ്വഭവ തീയതി. 18.09.2019

മേൽ സൂചനയിലേയ്ക്ക് ശ്രദ്ധക്ഷണിക്കുന്നു. ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങളിൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയോഗിക്കുവാൻ കഴിയുന്ന ജീവനക്കാരുടെ എണ്ണം ലഭ്യമാക്കുന്നതിനായി സൂചന പ്രകാരം സർക്കാരിൽ നിന്നും ആവശ്യപ്പെട്ടിരിക്കുകയാണ്. ഓരോ ജില്ലയിലും ,എൽ.എസ്.ജി.ഡി യിൽ നിന്നും അധികമായി ആവശ്യപ്പെടുന്ന ജീവനക്കാരുടെ എണ്ണം താഴെ പറയും പ്രകാരമാണ്

1) തിരുവനന്തപുരം — 2
2) കൊല്ലം — 3
3) പത്തനംതിട്ട — 3
4) ആലപ്പുഴ — 3
5) കോട്ടയം — 2
6) ഇടുക്കി — 3
7) എറണാകുളം — 3
8) തൃശ്ശൂർ — 1
9) പാലക്കാട് — 2
10) മലപ്പുറം — 3
11) കോഴിക്കോട് — 2
12) വയനാട് — 3
13) കണ്ണൂർ — 2
14) കാസർഗോഡ് — 2

-----------

**കമ്പ്യൂട്ടർ പ്രാവീണ്യം ഉള്ളവരും താൽപര്യമുള്ളവരുമായ ജീവനക്കാരുടെ വിവരങ്ങൾ ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ, എന്നീ നിയന്ത്രണാധികാരികൾ 23.09.2019 നകം ഇ – മെയിൽ മുഖേന ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.** **ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ബന്ധപ്പെട്ട സബ് ഡിവിഷൻ, സെക്ഷൻ കാര്യാലങ്ങളിൽ നിന്നും,മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ നിർദ്ദിഷ്ട മുനിസിപ്പാസിറ്റികളിൽ നിന്നും, കെ.എസ്.ആർ.ആർ.ഡി.എ നിയന്ത്രണാധികാരി പി-ഐ.യു-കളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ച് നിർദ്ദിഷ്ട സമയപരിധിക്കകം സമർപ്പിക്കേണ്ടതാണ്.**

ഉള്ളടക്കം:- സൂചന പകർപ്പ്

**ചീഫ് എഞ്ചിനീയർ**

പകർപ്പ്: ഫയൽ / സ്റ്റോക്ക് ഫയൽ

**R. S. KANNAN**
SPECIAL SECRETARY TO GOVERNMENT

**Local Self Government Department**
**Government Secretariat**
**Thiruvananthapuram-695 001**
Phone { Office : 0471-2518346
0471-2327292
Mobile : 9495569036
E-mail : kannanrs66@gmail.com

1/9/19
1324
19.09.2019

Date:18.09.2019.......

അർദ്ധഔദ്യോഗിക കത്ത് നം.തസ്വഭവ-ഇആർഎ3/168/2019-തസ്വഭവ

പ്രിയപ്പെട്ട സർ,

ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി, ബഹു.മുഖ്യമന്ത്രിയുടെ നിർദ്ദേശ പ്രകാരം, വിവര സാങ്കേതിക വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 02.09.2019-ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പുകൾ അടിയന്തര നടപടികൾക്കായി ഉള്ളടക്കം ചെയ്യുന്നു. താങ്കളുടെ വകുപ്പിൽ നിന്നും വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിലേയ്ക്ക് നിയോഗിക്കുവാൻ കഴിയുന്ന ജീവനക്കാരുടെ കണക്ക് തയ്യാറാക്കി, **25.09.2019-ന് മുൻപായി** ഈ ഓഫീസിൽ ലഭ്യമാക്കുന്ന കാര്യത്തിൽ താങ്കൾ വ്യക്തിപരമായ ശ്രദ്ധ ചെലുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

ആത്മാർത്ഥതയോടെ,

(ആർ.എസ്. കണ്ണൻ)

ശ്രീ.പി.ആർ. സജികുമാർ,
ചീഫ് എഞ്ചിനീയർ,
തദ്ദേശസ്വയംഭരണ (എഞ്ചിനീയറിംഗ്) വിഭാഗം,
തിരുവനന്തപുരം.

11

**ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങളിൽ ആവശ്യമായ എണ്ണം ജീവനക്കാരെ വിവിധ വകുപ്പുകളിൽ നിന്ന് നിയമിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിലേക്കായി 02.09.2019- ന് ചേർന്ന യോഗത്തിന്റെ മിനിട്സ്**

ഐ.ടി സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ചുവടെ പറയുന്ന ഉദ്യോഗസ്ഥർ പങ്കെടുത്തു.

1. ഡോ. ചിത്ര.എസ് ഐ.എ.എസ്, ഡയറക്ടർ, കേരള സംസ്ഥാന ഐ.ടി മിഷൻ
2. ശ്രീ.ജെ.ബെൻസി, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്
3. ശ്രീ. സി.എം.അജയമോഹൻ, അഡീഷണൽ സെക്രട്ടറി, ഗതാഗത വകുപ്പ്
4. ശ്രീമതി. ശ്രീജ.വി, ജോയിന്റ് സെക്രട്ടറി, ഊർജ്ജ വകുപ്പ്
5. ശ്രീമതി. പ്രീത.കെ.എസ്, ഡെപ്യൂട്ടി സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
6. ശ്രീമതി. ഡി.ലീന ലിറ്റി, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്
7. ശ്രീ. രാജീവ് പുത്തലത്ത്, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ, ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്
8. ശ്രീ. പി.കുമാരൻ, ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, ഐ.ടി & എച്ച്.ആർ.എം), കെ.എസ്.ഇ.ബി ലിമിറ്റഡ്

യോഗം 11.00 AM ന് ആരംഭിച്ചു.

സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിലേക്കുള്ള പണമിടപാടുകളും കെ.എസ്.ഇ.ബി / വാട്ടർ അതോറിറ്റി / ബി.എസ്.എൻ.എൽ മുതലായവയിലേക്കുള്ള യൂട്ടിലിറ്റി ബില്ലുകളും കേരളത്തിലെ വിവിധ സർവ്വകലാശാലകളിലേക്കുള്ള വിദ്യാർത്ഥികളുടെ ഫീസ് എന്നിവയും പൊതുജനങ്ങൾക്ക് ഒരു കുടക്കീഴിൽ ഓൺലൈൻ സംവിധാനത്തിലൂടെ അടയ്ക്കുന്നതിന് സംവിധാനമൊരുക്കിക്കൊണ്ട് സംസ്ഥാനത്തെ 14 ജില്ലാ ആസ്ഥാനങ്ങളിലും 2000-2001 കാലഘട്ടത്തിലാണ് ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങൾ ആരംഭിച്ചതെന്നും ഉപഭോക്താക്കളിൽ നിന്നും യാതൊരു സർവ്വീസ് ചാർജ്ജും ഈടാക്കാതെ പ്രവർത്തിക്കുന്ന ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ സേവനങ്ങൾ നൽകുന്നതിൽ പങ്കാളികളായ വകുപ്പുകളിലെയും സ്ഥാപനങ്ങളിലെയും സർവ്വകലാശാലകളിലെയും ജീവനക്കാരെ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചുകൊണ്ടുള്ള മാതൃകയിലാണ് പ്രവർത്തിച്ചു വരുന്നതെന്നും ഐ.ടി സെക്രട്ടറി അറിയിച്ചു. വിവിധ ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങളിൽ പ്രോജക്ട് മാനേജർ, സർവ്വീസ് ഓഫീസർ തസ്തികകളിൽ ജോലിചെയ്തുവരുന്ന ജീവനക്കാരെ അവരുടെ മാതൃവകുപ്പ് / സ്ഥാപനം പകരം നിയമനം നടത്താതെ തിരികെ വിളിക്കുന്നത് ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളുടെ സുഗമമായ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതായി കണ്ടതിനെ

തുടർന്ന് ഇക്കാര്യം ബഹു.മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ഐ.ടി സെക്രട്ടറി ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരുമായി ചർച്ചചെയ്ത് പരിഹാരമാർഗ്ഗം സമർപ്പിക്കുവാൻ നിർദ്ദേശിച്ച സാഹചര്യത്തിലാണ് ഇപ്രകാരം ഒരു യോഗം വിളിച്ചതെന്ന് ഐ.ടി സെക്രട്ടറി അറിയിച്ചു.

റവന്യൂ, തദ്ദേശ സ്വയംഭരണം, ഗതാഗതം, മുതലായ വകുപ്പുകളും, കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി, സർവ്വകലാശാലകൾ എന്നിവയും ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിലേക്ക് ജീവനക്കാരെ നിയോഗിക്കുന്ന കാര്യത്തിൽ സഹകരിക്കണമെന്ന് സെക്രട്ടറി അഭ്യർത്ഥിച്ചു. ജോലി ക്രമീകരണ വ്യവസ്ഥയിലുള്ള നിയമനമാകയാൽ ജീവനക്കാരെ നിയമിക്കുന്നതിന് പല വകുപ്പുകളും സ്ഥാപനങ്ങളും വിമുഖത കാണിക്കുന്ന അവസ്ഥയാണുള്ളത്. എന്നാൽ ശാരീരികമായ അവശതമൂലം നിലവിലെ ജോലികൾ ചെയ്യുവാൻ പ്രയാസമനുഭവിക്കുന്നവരോ അല്ലെങ്കിൽ കുടുംബപരമായ കാരണങ്ങളാലോ മറ്റെന്തെങ്കിലും കാരണങ്ങളാലോ നിലവിലെ ജോലി സ്ഥലത്ത് നിന്ന് മാറ്റം ആഗ്രഹിക്കുന്നവരോ ആയ ജീവനക്കാർക്ക് അവർക്ക് സൗകര്യപ്രദമായ ജില്ലയിലെ ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിൽ നിയമനം നൽകുവാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കണമെന്ന് ഐ.ടി സെക്രട്ടറി അഭ്യർത്ഥിച്ചു. എല്ലാ വകുപ്പുകളും അപ്രകാരം 5 - 6 ജീവനക്കാരെ എല്ലാ ജില്ലകളിലും നൽകുകയാണെങ്കിൽ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾക്ക് വലിയ ബുദ്ധിമുട്ടില്ലാതെ പ്രവർത്തിച്ച് പോകുവാൻ സാധിക്കുമെന്ന് സെക്രട്ടറി അറിയിച്ചു.

കെ.എസ്.ഇ.ബി യുടെ ഓൺലൈൻ പേയ്മെന്റ് സംവിധാനം ഉപയോഗിക്കുന്നവരുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവുണ്ടായിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി യുടെ തന്നെ ബില്ലിംഗ് കൗണ്ടറുകൾ ഇപ്പോൾ സിംഗിൾ ഷിഫ്റ്റിലേക്ക് മാറുന്ന സാഹചര്യമാണ് നിലവിലുള്ളതെന്ന് കെ.എസ്.ഇ.ബി യുടെ പ്രതിനിധി അറിയിച്ചു. ഫ്രണ്ട്സ് കേന്ദ്രങ്ങളെ കെ.എസ്.ഇ.ബി പേയ്മെന്റ് ഉൾപ്പെടെയുള്ള സേവനങ്ങൾക്ക് പൊതുജനങ്ങൾ ഇപ്പോഴും ആശ്രയിക്കുന്ന സാഹചര്യത്തിൽ ജീവനക്കാരുടെ ദൗർലഭ്യം നേരിടുന്ന ഇടുക്കി, തൃശ്ശൂർ, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ 3 വീതം ജീവനക്കാരെയും മറ്റു ജില്ലകളിലേക്ക് ഒരാളെയെങ്കിലും ഫ്രണ്ട്സ് കേന്ദ്രങ്ങളിലേക്ക് കെ.എസ്.ഇ.ബി - യിൽ നിന്നും വിട്ടുനൽകണമെന്ന് സെക്രട്ടറി അഭ്യർത്ഥിച്ചു.

മോട്ടോർ വാഹന വകുപ്പ് പൂർണ്ണമായും ഇ-പേയ്മെന്റ് സംവിധാനത്തിലേക്കും ഇ-ആപ്ലിക്കേഷൻ സംവിധാനത്തിലേക്കും മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ആർ.ടി ഓഫീസുകൾ കേന്ദ്രീകരിച്ച് കുടുംബശ്രീയുടെ സഹകരണത്തോടെ ഇ-സേവ കേന്ദ്രങ്ങൾ എന്ന പേരിൽ കിയോസ്കുകൾ പ്രവർത്തിച്ചു വരികയാണെന്നും ഓൺലൈൻ പേയ്മെന്റിനോടൊപ്പം അപേക്ഷകൾ കൂടി ഓൺലൈൻ സംവിധാനത്തിലൂടെ സമർപ്പിക്കേണ്ടതുള്ളതിനാൽ ഫ്രണ്ട്സ് കേന്ദ്രങ്ങളിലൂടെ ഫീസ് മാത്രം ഒടുക്കുന്ന

സംവിധാനം നിലവിൽ മോട്ടോർവാഹന വകുപ്പിന് ഉപകാരപ്രദമല്ല എന്ന് മോട്ടാർ വാഹന വകുപ്പിന്റെ പ്രതിനിധിയും അറിയിച്ചു.

വിവിധ വകുപ്പുകളും സർക്കാർ സ്ഥാപനങ്ങളും ഓൺലൈൻ സംവിധാനത്തിലേക്ക് കാര്യമായ ചുവടുമാറ്റം നടത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത സംവിധാനങ്ങൾ പൊതുജനങ്ങൾ സ്വയം ഉപയോഗിക്കുന്നതിൽ കാര്യമായ വർദ്ധന ഉണ്ടായിട്ടില്ല എന്നും പൊതുജനങ്ങളിൽ ഏറിയ പങ്കും ഇപ്പോഴും ഫ്രണ്ട്സ് / അക്ഷയ കേന്ദ്രങ്ങളെ ആശ്രയിക്കുന്നതായാണ് കാണുന്നതെന്നും ഐ.ടി സെക്രട്ടറി അറിയിച്ചു. കേരള സംസ്ഥാന ഐ.ടി മിഷൻ വിവിധ വകുപ്പുകളുടെയും സർക്കാർ സ്ഥാപനങ്ങളുടെയും യൂസർ ഇന്റർഫേസുകൾ പരിശോധിക്കണമെന്നും അവ പൊതുജനങ്ങൾക്ക് കൂടുതൽ സ്വീകാര്യപ്രദവും ലളിതവുമായി എപ്രകാരം മെച്ചപ്പെടുത്താൻ സാധിക്കുമെന്ന കാര്യത്തിൽ നിർദ്ദേശം സമർപ്പിക്കണമെന്നും ഐ.ടി മിഷൻ ഡയറക്ടർക്ക് സെക്രട്ടറി നിർദ്ദേശം നൽകി. കൂടാതെ സർക്കാർ ലഭ്യമാക്കിയിട്ടുള്ള ഓൺലൈൻ സേവനങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ കൂടുതൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും നിർദ്ദേശിച്ചു.

പൊതുജനങ്ങൾ ഓൺലൈൻ സേവനങ്ങൾ സ്വന്തമായി ഉപയോഗിക്കുന്നതിന് പ്രാപ്തരാകുന്നതുവരെ ഫ്രണ്ട്സ് പോലുള്ള പേയ്മെന്റ് കിയോസ്കുകൾ നിലനിർത്തേണ്ടി വരുമെന്നും ഫ്രണ്ട്സിലൂടെ കൂടുതൽ മൂല്യ വർദ്ധിത സേവനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടെന്നും അപ്രകാരമുള്ള നടപടികളിലൂടെ ലഭിക്കുന്ന വരുമാനം ഉപയോഗിച്ച് പ്രവർത്തന മൂലധനം കണ്ടെത്താൻ കഴിയുകയാണെങ്കിൽ ഫ്രണ്ട്സ് സേവന കേന്ദ്രങ്ങളിൽ ജീവനക്കാരെ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിക്കുന്ന നിലവിലെ നിയമന രീതി പുന:പരിശോധിക്കുന്നതാണെന്നും അതുവരെ നിലവിലെ സ്ഥിതി തുടരേണ്ടത് അനിവാര്യമാണെന്നും സെക്രട്ടറി അറിയിച്ചു. യോഗത്തിൽ പങ്കെടുത്ത എല്ലാ വകുപ്പുകളും 14 ജില്ലാ ആസ്ഥാനങ്ങളിലും പ്രവർത്തിക്കുന്ന ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിലേക്ക് ജോലിക്രമീകരണ വ്യവസ്ഥയിൽ നിയോഗിക്കുവാൻ കഴിയുന്ന ജീവനക്കാരുടെ കണക്ക് തയ്യാറാക്കണമെന്നും 27.09.2019 ന് ഉച്ചതിരിഞ്ഞ് 3.00 മണിക്ക് വീണ്ടും യോഗം ചേർന്ന് ഇക്കാര്യം റിവ്യൂ ചെയ്യാമെന്നും സെക്രട്ടറി അറിയിച്ചു.

യോഗം 11.30 ന് അവസാനിച്ചു.

FRIENDS Staff Details

[illegible]

| Sl. No | FRIENDS Centres | LSGD | | Revenue | | MVD | | Higher Education (University) | | KSEB | | Civil Supplies Department | | KWA | | Survey & Land Record | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | Present Staff Strength | No of addl. Staff required | Present Staff Strength | No of addl. Staff required | Present Staff Strength | No of addl. Staff required | Present Staff Strength | No of addl. Staff required | Present Staff Strength | No of addl. Staff required | Present Staff Strength | No of addl. Staff required | Present Staff Strength | No of addl. Staff required | Present Staff Strength | No of addl. Staff required |
| 1 | Trivandrum | 1 | 2 | 3 | 0 | 2 | 1 | | 3 | 5 | 0 | | 2 | 2 | 1 | | |
| 2 | Kollam | | 3 | 3 | 0 | | 3 | 2 | 1 | 1 | 2 | | 2 | | 3 | 1 | |
| 3 | Pathanamthitta | | 3 | 1 | 1 | | 3 | 1 | 2 | 1 | 2 | | 2 | 3 | 0 | | |
| 4 | Alappuzha | | 3 | 1 | 2 | | 3 | 2 | 1 | | 3 | | 2 | 1 | 2 | | |
| 5 | Kottayam | 1 | 2 | | 3 | | 3 | | 3 | 1 | 2 | | 2 | | 3 | | |
| 6 | Idukki | | 3 | 1 | 2 | | 3 | | 3 | | 3 | | 2 | | 3 | | |
| 7 | Ernakulam | | 3 | | 3 | | 3 | | 3 | 1 | 2 | | 2 | 1 | 2 | | |
| 8 | Thrissur | 2 | 1 | | 3 | | 3 | 3 | 0 | | 3 | | 2 | 1 | 2 | | |
| 9 | Palakkad | | 2 | | 3 | | 3 | 2 | 1 | 1 | 2 | 1 | 1 | 1 | 2 | | |
| 10 | Malappuram | | 3 | | 3 | 1 | 2 | 2 | 1 | 3 | 0 | | 2 | 1 | 2 | | |
| 11 | Kozhikode | 1 | 2 | | 3 | 1 | 2 | | 3 | | 3 | | 2 | | 3 | | |
| 12 | Wayanad | | 3 | 3 | 0 | | 3 | 1 | 2 | | 3 | | 2 | | 3 | | |
| 13 | Kannur | 1 | 2 | 3 | 0 | | 3 | | 3 | | 3 | | 2 | 1 | 2 | | |
| 14 | Kasargod | 1 | 2 | 2 | 1 | | 3 | | 3 | 2 | 3 | | 2 | | 3 | | |
| | Total | 8 | 34 | 17 | 25 | 4 | 33 | 13 | 29 | 15 | 31 | 1 | 27 | 11 | 31 | 1 | |